# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2048 07.07.2015 ൽ മറുപടിക്ക്

## റെയിൽ വികസനപദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, പി.ടി.എ. റഹീം<br>,, എം. ഹംസ<br>,, ബി.ഡി. ദേവസ്സി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽ വികസനത്തിന് അത്യന്താപേക്ഷിതമായ പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചകൾ കാരണമാവുന്നുണ്ടോ ; | (എ) യും (ബി) യും | റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേണ്ടത്ര പരിഗണന ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്. |
| (ബി) | റെയിൽ മേഖലയിൽ പദ്ധതികൾ നേടിയെടുക്കുന്നതിനും യഥാസമയം നടപ്പിലാക്കുന്നതിനും മറ്റ് സംസ്ഥാനങ്ങൾ കാണിക്കുന്ന ജാഗ്രത കേരളം കാണിക്കാത്തത് പദ്ധതികൾ പ്രാബല്യത്തിലാവുന്നതിന് വിഘാതമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | റെയിൽ വികസനത്തിനായി പ്രഖ്യാപിക്കുന്ന പദ്ധതികൾ യഥാസമയം പ്രവർത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ | (സി) | സംസ്ഥാനത്തെ റെയിൽവേയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക |

| | | | |
|---|---|---|---|
| | സംവിധാനം എത്രത്തോളം പ്രാപ്തമാണ് വിശദമാക്കുമോ? | | സംവിധാനങ്ങൾ ഒന്നും ഇല്ല. എന്നാൽ കേരളത്തിലെ എം.പിമാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവേ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ എല്ലാ വർഷവും സമർപ്പിക്കുന്നത് ക്രോഡീകരിച്ചു പ്രത്യേക യോഗം ചേർന്ന് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം തയ്യാറാക്കി എല്ലാവർഷവും റെയിൽവേ ബഡ്ജറ്റിന് മുമ്പായി അവലോകനം ചെയ്ത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് സംസ്ഥാന ഗവൺമെന്റ് ചെയ്തുവരുന്നത്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. എന്നാൽ ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേക്ക് നല്കുന്നതിനുണ്ടായ തടസ്സങ്ങളും കാരണമാണ് പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി, പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അതിനായി |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുമുണ്ട്.<br>കൂടാതെ എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്കും മുന്നോടിയായി കേരളത്തിലെ ലോകസഭാ, രാജ്യസഭാ എം.പി മാരുടെ യോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുകയും ടി എം.പിമാർ മുഖേന പാർലമെന്റിലും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉയർത്തി വേണ്ട സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്.<br>കൂടാതെ സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം മൊത്തം 10 കോടിയോളം രൂപ സംസ്ഥാന സർക്കാർ നല്കി. കൊല്ലം, കോട്ടയം, എറണാകുളം നോർത്ത് സൗത്ത്, തൃശ്ശൂർ, കോഴിക്കോട് സ്റ്റേഷൻ വികസനങ്ങൾക്കായാണ് ഈ തുക നല്കിയിട്ടുള്ളത്. പണികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. അതോടൊപ്പം സംസ്ഥാനത്ത് സബർബൻ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്രസർക്കാരുമായി 50:50 ഓഹരിയുള്ള കൂട്ടുസംരഭത്തിന് അനുമതി പ്രത്യേകമായി കേന്ദ്രസർക്കാരിനോട് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ എറണാകുളം ജില്ലയിലെ റെയിൽവേ വികസനത്തിനായി നിരവധി പദ്ധതികളും DEMU/MEMU സർവ്വീസുകൾ ആരംഭിക്കുവാനും റെയിൽവേയുമായി ധാരണയായിട്ടുണ്ട്. ഇവയിൽ എറണാകുളം ആലുവ റൂട്ടിൽ DEMU സർവ്വീസ് ഇതിനകം ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ